സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 13.03.2024

നമ്പർ. EG2/3198/24/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം- സർക്കാർ പോളിടെക്നിക് കോളേജുകളിലെ വകുപ്പ് മേധാവി തസ്തികയിലേക്കുള്ള പ്രമോഷൻ- വിവിധ ബ്രാഞ്ചുകളിലെ ലക്ചറർ തസ്തികയിലുള്ളവരുടെ CR - ഓൺലൈൻ (SCORE) മുഖേന സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന :- ____________

സർക്കാർ പോളിടെക്നിക് കോളേജുകളിൽ വിവിധ ബ്രാഞ്ചുകളിലെ **വകുപ്പ് മേധാവി (HOD) തസ്തികയിൽ,** ഉദ്യോഗകയറ്റത്തിനായുള്ള field of choice ൽ ഉൾപ്പെട്ടവരിൽ, ഇനിയും CR സമർപ്പിക്കാത്തവർ ഉള്ളതായി കാണുന്നു (01.01.2021 മുതൽ 29.02.2024 വരെയുള്ള CR).

Confidential Report സമയബന്ധിതമായും തെറ്റ് കൂടാതെയും സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിന് കാലതാമസം നേരിടുന്നുണ്ട്. CR തെറ്റ് കൂടാതെ സമയബന്ധിതമായി സമർപ്പിക്കേണ്ടത് ഓരോ ജീവനക്കാരൻറെയും, അതാത് നിയന്ത്രണോദ്യോഗസ്ഥരുടെയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൻറെ ഭാഗമായതിനാൽ ടി വിഷയത്തിലുണ്ടാകുന്ന കാലതാമസവും അപാകതകളും ഔദ്യോഗിക കൃത്യനിർവ്വഹണ വീഴ്ച്ചയായി കണക്കാക്കി തുടർനടപടികൾ കൈകൊള്ളുന്നതാണെന്നും അറിയിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ, 2021 മുതൽ 2022 വരെ, CR physical ആയും 2023 മുതൽ SCORE മുഖേനയും സമർപ്പിച്ചിട്ടില്ലാത്തവർ 18.03.2024 നു മുന്പായി അവ സമർപ്പിക്കേണ്ടതാണ് എന്നു കർശനമായി നിർദ്ദേശിക്കുന്നു. 18.03.2024 നു മുൻപായി സി ആർ നൽകാത്തവരെ ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും പരിഗണിക്കുവാൻ സാധിക്കുകയില്ല എന്നു അന്തിമമായി അറിയിക്കുന്നു.

പോളിടെക്നിക് കോളേജുകളിലെ വിവിധ ബ്രാഞ്ചുകളിലെ വകുപ്പ് മേധാവി തസ്തികകളിലേക്കു പ്രമോഷൻ നല്കുന്നതിനായി വകുപ്പുതല സ്ഥാനക്കയറ്റ സമിതി യോഗം ചേരുന്ന വേളയിൽ Annual Confidential Report സമർപ്പിക്കാത്ത ജീവനക്കാരെ സ്ഥാനക്കയറ്റ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതും, ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും, നിയന്ത്രണോദ്യോഗസ്ഥരുടേയും കൃത്യവിലോപമായി കണക്കാക്കുന്നതുമാണ്., അത്തരം സാഹചര്യങ്ങളിൽ ടി ജീവനക്കാരുടെ സീനിയോരിറ്റിയും, സ്ഥാനക്കയറ്റ പട്ടികയിലെ സ്ഥാനവും സംരക്ഷിക്കുന്നതിന് നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ടി വിഷയത്തിലുണ്ടാകുന്ന എല്ലാ വീഴ്ച്ചകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, നിയന്ത്രണോദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്നും അന്തിമമായി അറിയിക്കുന്നു.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ്സൈറ്റ് മുഖാന്തിരം)

Approval Valid

Digitally Approved By

Draft #1 of File EG2/3198/24/DTE Approved by Senior Administrative Officer on 13-Mar-2024 01:19 PM - Page 1

സുനിൽ കുമാർ സി വി
Date: 13.03.2024
Reason: Approved

Draft #1 of File EG2/3198/24/DTE Approved by Senior Administrative Officer on 13-Mar-2024 01:19 PM - Page 2

The document is digitally approved. Hence signature is not needed.